# എം.റ്റി.എൽ.പി.എസ്
## മുളയ്ക്കലോലി, കുറിയന്നൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം.

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ നടത്തിപ്പിന് വിവിധതരം വിഭവങ്ങൾ വേണം. വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ് ആ വിദ്യാലയം മികവുറ്റതാകുന്നത്. മികവുറ്റ വിദ്യാലയം, മികവുറ്റ തലമുറയെ വാർത്തെടുക്കുന്നു. അവർ ഭാവിതലമുറയുടെ വാഗ്ദാനമായി മാറുന്നു.

കുറിയന്നൂരിലെ പൂർവ്വ പിതാക്കന്മാരുടെ വിദ്യാഭ്യാസ താല്പര്യത്തിന്റെയും, ദീർഘ വീക്ഷണത്തിന്റെയും, നിരന്തരമായ പ്രാർത്ഥനയുടെയും, ത്യാഗപൂർണ്ണമായ പ്രവർത്തനത്തിന്റെയും ഫലമായി 1914-ൽ സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ്, കുറിയന്നൂർ, എം. റ്റി. എൽ. പി. എസ്. മുളയ്ക്കലോലി. പല വ്യക്തികളുടെയും, പല സംഘടനകളുടെയും, സമൂഹത്തിന്റെയും, പൂർണ്ണ പങ്കാളിത്തത്തോടെ ഈ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ മുൻപോട്ട് പോകുന്നു. 2014-ൽ ഈ വിദ്യാലയം ശതാബ്ദിയിലേക്ക് പ്രവേശിച്ചു. ഈ വേളയിൽ നിരവധി കുട്ടികൾക്ക് അക്ഷരം കുറിക്കാൻ ഈ വിദ്യാലയം വേദിയായി. ഇവിടെ വിദ്യ അഭ്യസിച്ച പൂർവ്വ വിദ്യാർത്ഥികൾ ഇന്ന് രാജ്യത്തിന്റെ പല ഭാഗങ്ങളിൽ ഉയർന്ന നിലയിലുള്ള ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇവരുടെയൊക്കെയും, പൂർണ്ണമായ സഹകരണം ഇന്നും ഈ വിദ്യാലയത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളും, പ്രവർത്തന പദ്ധതികളും ഉൾപ്പെടുത്തി കുട്ടികളുടെ പഠന പുരോഗതി ഉയർത്തുന്നതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും സ്കൂളിന്റെ മികവിനാവശ്യമായ എല്ലാ ഘടകങ്ങളും ചേർത്തുകൊണ്ടാണ് കുറിയന്നൂർ എം.റ്റി.എൽ.പി എസ് മുളക്കലോലിയിലെ 2025-26ലെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വരും നാളുകളിൽ ഈ വിദ്യാലയം കൂടുതൽ മികവിലേക്ക് മുന്നേറാൻ ഈ പ്രവർത്തനങ്ങൾ. ഏറെ സഹായകമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കുറിയന്നൂർ

അന്നമ്മ വർഗീസ് പി.
(ഹെഡ്മിസ്ട്രസ്)

# സ്ഥിതി വിവരങ്ങൾ

സ്കൂളിന്റെ പേര് : എം. റ്റി. എൽ. പി സ്കൂൾ മുളക്കലോലി
കുറിയന്നൂർ

നിലവിൽ വന്നത് : 1914

ജില്ല : പത്തനംതിട്ട

താലൂക്ക് : തിരുവല്ല

പഞ്ചായത്ത് : തോട്ടപ്പുഴശ്ശേരി

വാർഡ് നമ്പർ :

വിദ്യാഭ്യാസ ഉപജില്ല : പുല്ലാട്

വിദ്യാഭ്യാസ ജില്ല : തിരുവല്ല

## നിലവിലുള്ള അധ്യാപകർ

1) അന്നമ്മ വർഗ്ഗീസ് . പി - ഹെഡ്മിസ്ട്രസ്
2) അഖില ഷിബു - (Daily wage)
3) പൂജാലാൽ - Daily wage.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക
2. ശാസ്ത്ര സാമൂഹിക ശാസ്ത്ര ഗണിത മേഖലകളിൽ അടിസ്ഥാനപരമായ കാര്യങ്ങൾ ഉറപ്പിക്കൽ.
3. കുട്ടികളുടെ സർഗ്ഗചാരവും അക്കാദമികവുമായതും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാകും.
4. കുട്ടികളെ സമൂഹത്തിൽ ഉത്തമ പൗരന്മാരായി ജീവിക്കാൻ ഉതകുന്നത് കൈവരിച്ചുവെന്ന് ഉറപ്പുവരുത്തൽ
5. പൊതു വിജ്ഞാനം ആർജ്ജിക്കാനുള്ള കഴിവു നേടൽ
6. ആധുനിക സാങ്കേതിക വിദ്യകളിലെ പരിശീലനം സ്വായത്തമാക്കൽ
7. ജീവിത വിജയത്തിനു വേണ്ടിയുള്ള നേതൃത്വ പരിശീലനം.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും, പരിമിതികളും.

| | |
|---|---|
| അഡീഷണൽ ക്ലാസ്സ് മുറി | ഇല്ല. |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട്. 1 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട്. 1. |
| അധ്യാപകരുടെ ടോയ്‌ലറ്റ് | ഉണ്ട്. |
| കുടിവെള്ള സൗകര്യം. | ഉണ്ട്. |
| കിണർ സൗകര്യം. | ഇല്ല. |
| ജലവിതരണ പൈപ്പ് | ഉണ്ട്. |
| പാചക മുറി | ഉണ്ട്. |
| പ്രധാനാധ്യാപക മുറി | ഉണ്ട്. |
| സ്റ്റാഫ് മുറി | ഇല്ല. |
| ചുറ്റുമതിൽ | ഉണ്ട്. |
| കമ്പ്യൂട്ടർ | ഇല്ല. |
| ലാപ്ടോപ്പ് | ഉണ്ട്. |
| പ്രൊജക്ടർ | ഉണ്ട്. |
| കളിസ്ഥലം | ഉണ്ട്. |
| സ്റ്റോർ മുറി | ഇല്ല. |
| സ്മാർട്ട് ക്ലാസ് മുറി | ഇല്ല. |
| തറ ടൈൽസ് ചെയ്ത് മെച്ചപ്പെടുത്തൽ | ഇല്ല. |
| കലാ-കായിക പ്രവൃത്തി പരിചയം-നടപ്പിലാക്കാൻ ആവശ്യമായ അധ്യാപകർ. | ഇല്ല. |
| ലൈബ്രറി റൂം | ഇല്ല. |
| സ്മാർട്ട് കിച്ചൻ | ഇല്ല. |
| പഠനയാത്ര | ഉണ്ട് |
| വാഹനം. | ഇല്ല. |
| പത്രം | ഉണ്ട്. |

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

| അക്കാദമികം. | ഭൗതികം. | സാമൂഹികം. |
|---|---|---|
| • ഭാഷാശേഷി വികസനം. | • കളിസ്ഥലം | • PTA ശക്തിപ്പെടുത്തൽ |
| • ഗണിത ശേഷി വികസനം | • ക്ലാസ് മുറി | • വിദ്യാലയ വികസന സമിതി |
| • ഇംഗ്ലീഷ് പഠന പരിപോഷണം. | • സ്റ്റാഫ് മുറി | • SSG |
| • ശാസ്ത്ര പോഷണ പരിപോഷണം. | • ലൈബ്രറി റൂം | • ഗ്രന്ഥശാല ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ. |
| • ലൈബ്രറി ശാക്തീകരണം. | • സ്മാർട്ട് കിച്ചൻ | • ക്ലാസ് PTA മാതൃകാപരമാക്കൽ |
| • പഠനയാത്ര | • വെടിക് മേള | • ഭവന സന്ദർശനം. |
| • കലാ - കായിക മേള | | |
| • IT പരിശീലനം | | |
| • അധ്യാപക ശാക്തീകരണ - പരിപാടി | | |
| • സ്കൂൾ മാസിക / പത്രം. | | |
| • പ്രവൃത്തി പരിചയ പഠനം. | | |
| • പച്ചക്കറിത്തോട്ടം | | |
| • പോഷകാഹാര പരിപാടി | | |
| • ഒറിഗാമി | | |
| • അഭിമുഖം. | | |
| • ദിനാചരണം | | |
| • Term മൂല്യനിർണ്ണയ - നിരന്തര വിലയിരുത്തൽ. | | |

| ക്രമനമ്പർ. | പശ്ചാത്തലം പ്രശ്നം. | ലക്ഷ്യം. | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ്. | ചുമതല | [illegible] |
| --- | --- | --- | --- | --- | --- | --- | --- |
| 1. | കുട്ടികൾക്ക് അവരവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം കുറവ്. | കുട്ടികളിൽ അവരവരുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക. | ഒന്ന് മുതൽ നാല് വരെ. | 1. പ്രവൃത്തി പരിചയ ശില്പശാല. | ജൂലായ് - സെപ്തംബർ | ക്ലാസ് ടീച്ചർ | |
| | | | | 2. ഒറിഗാമി. | | | |
| | | | | 3. സ്കൂൾ കായികമേള. | വർഷത്തിൽ ഒരു തവണ. | | |
| | | | | 4. പേപ്പർ കോപ്പ് നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് - ടീച്ചർ | |
| | | | | 5. കളിമണ്ണുകൊണ്ടുള്ള വിവിധ രൂപങ്ങൾ നിർമ്മാണ-പരിശീലനം. | | ക്ലാസ് - ടീച്ചർ. | |
| | | | | 6. പാഴ്‌വസ്തുക്കൾ പഠനോപയോഗ പ്രവർത്തനം. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് - ടീച്ചർ. | |

| ക്രമനമ്പർ | പഠനപ്രശ്നം. | ലക്ഷ്യം. | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ്. | ചുമതല. | സാമ്പത്തി... |
|---|---|---|---|---|---|---|---|
| 1. | രക്ഷിതാക്കളും സമൂഹവും, വിദ്യാലയവുമായി അകന്നു നിൽക്കുന്നു. | രക്ഷിതാക്കളും, സമൂഹവും, സ്കൂളിനോടുള്ള ബന്ധം മെച്ചപ്പെടുത്തൽ. | | 1. രക്ഷിതാക്കൾക്ക് ക്ലാസ് | മാസത്തിൽ ഒരു തവണ. | Head mistress | |
| | | | | 2. വാർഷിക ആഘോഷം | മാർച്ച് | | |
| | | | | 3. ക്ലാസ് പി.ടി.എ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ. | |
| | | | | 4. ദേശീയ പതാക നിർമ്മാണം. | ആഗസ്റ്റ്-15 ജനുവരി-26 | | |
| | | | | 5. ഓണാഘോഷം | ഓണാവധി ആരംഭിക്കുന്ന ദിവസം. | പി.ടി.എ. | |
| 2. | കുട്ടികൾ നേതൃഗുണരായി ഉയരുന്നില്ല | നേതൃത്വ പരിശീലനം. | | 1. കൗൺസിലിങ് | വർഷത്തിൽ ഒരു തവണ | Head mistress | |
| | കുട്ടികൾ സാമൂഹിക മൂല്യങ്ങൾ മനസിലാക്കാത്ത അവസ്ഥ. | | ഒന്ന് മുതൽ നാല് വരെ. | 2. നേതൃത്വ പരിശീലന ക്യാമ്പ്. | വർഷത്തിൽ ഒരു തവണ. | SRG കൺ... | |
| | | | ഒന്ന് മുതൽ നാല് വരെ | 3. നീതിബോധമുള്ള കഥകൾ പരിചയപ്പെടൽ. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |
| | | | ഒന്ന് മുതൽ നാല് വരെ. | 4. കുട്ടികളിൽ സത്യം, ധർമ്മം, കാരുണ്യം, സ്നേഹം എന്നിവ വളർത്തുന്ന പ്രവർത്തനം. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

| ക്രമനമ്പർ | പശ്ചാത്തലം പഠനപ്രശ്നം | ലക്ഷ്യം | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| | | | ഒന്നു മുതൽ നാല് വരെ. | 5. സംഘബോധം വളർത്താനുള്ള കളികൾ. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |
| | | | | 6. ഗ്രൂപ്പ് പ്രവർത്തനങ്ങൾ നൽകൽ. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

അക്കാദമികം.

IT. പരിശീലനം.

| ക്രമനമ്പർ | പശ്ചാത്തലം പഠനപ്രശ്നം | ലക്ഷ്യം | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കാനുള്ള കഴിവില്ലായ്മ. | ആധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കൽ. | ഒന്ന് മുതൽ നാല് വരെ. | 1. IT. പരിശീലനം.<br>2. പഠനാനുബന്ധ പ്രവർത്തനങ്ങൾ. | ജൂൺ മുതൽ മാർച്ച് വരെ.<br>ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ. | |

അക്കാദമികം.

## പഠനാനുബന്ധ പ്രവർത്തനങ്ങൾ അർത്ഥപൂർണമാക്കുന്നതിന്.

| ക്രമനമ്പർ | [illegible] പഠനപ്രശ്നം. | ലക്ഷ്യം. | ക്ലാസ്. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. | സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള കുട്ടികളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നു. | പഠനാനുബന്ധ-പ്രവർത്തനങ്ങൾ അർത്ഥപൂർ-ണമാക്കുന്നതിന്. | ഒന്നു മുതൽ നാല് വരെ. | 1. ദിനാചരണങ്ങൾ<br>2. ആഘോഷങ്ങൾ<br>• ദേശീയ ആഘോഷങ്ങൾ,<br>• മതപരമായ ആഘോഷങ്ങൾ | | | |

അക്കാദമികം.

## അധ്യാപക ശാക്തീകരണം

| ക്രമനമ്പർ | [illegible] പഠന പ്രശ്നം | ലക്ഷ്യം. | ക്ലാസ് | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|---|---|
| 1. | | അധ്യാപക-ശാക്തീകരണം. | മുഴുവൻ-അധ്യാപകർക്കും | 1. വിദഗ്ധരുടെ ക്ലാസുകൾ<br>2. IT. പരിശീലനം. | | Head mistress.<br>Head mistress. | |

മേഖല : അക്കാദമികം

ഭാഷ - Std - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | • സെപ്റ്റംബർ • ഒക്ടോബർ | ക്ലാസ് ടീച്ചർ SRG | |
| | 2) അമ്മ ചങ്ങാത്തം അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | • ജൂലൈ • നവംബർ • ജനുവരി | MPTA ടീച്ചർ | |

മേഖല : അക്കാദമികം

പരിസരപഠനം - Std - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | Class Tr SRG | |
| പ്രകൃതി അറിയുന്നതിനും ആസ്വദിക്കുന്നതിനും | പൂച്ചെടോദ്യാനം, ഔഷധത്തോട്ടം - ചുറ്റുവട്ടത്ത് | സെപ്റ്റംബർ ജനുവരി | Teacher SRG | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ഗണിത മാഗസിൻ<br>• ജ്യാമിതീയ രൂപ നിർമ്മാണം<br>• ഗണിത പ്രവർത്തനം കളിയിലൂടെ | ജൂൺ–മാർച്ച്<br>സെപ്റ്റംബർ<br>മാസത്തിൽ ഒന്ന് | ടീച്ചർ<br>ടീച്ചർ<br>ടീച്ചർ | |

വേല : അക്കാദമികം

ഉപവേല : ഇംഗ്ലീഷ്

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | ടീച്ചേഴ്സ്<br>ടീച്ചേഴ്സ് | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്നു വീതം | ടീച്ചേഴ്സ് | — |
| | ഗണിതം കളികളിലൂടെ | മാസത്തിൽ ഒന്ന് | ടീച്ചേഴ്സ് | — |

## മലയാളം Std II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന വികാസ് | ① എഴുത്തും കുത്തും - ലഘു രചനയിലേക്ക് നയിക്കുന്ന രചനാ-ക്യാമ്പുകൾ<br>② ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>ഡിസംബർ | കുട്ടികൾ | PTA |
| സർഗാത്മകതയെ തട്ടിയുണർത്താം. | രചനാശില്പശാല, കഥ, കവിത, രചനകൾക്കുള്ള വേദി ഒരുക്കൽ | ജനുവരി | SMC<br>ടീച്ചർ<br>കുട്ടി | SRG<br>SMC |

ഇംഗ്ലീഷ് Std : II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk.... പ്രതിഭാധനരുമായി സംവദിക്കൽ. | മൂന്ന് മാസത്തിൽ ഒന്ന് | SRG | SSA |
| | English ബാലസഭ | മാസത്തിൽ ഒന്ന് | class tr | |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒന്ന് | SMC | |

ഭാഷ - Std - IV

മേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | |
| വായിക്കാം വളരാം | | | | |
| വായനാശേഷി വളർത്താൻ | ക്ലാസ് വായനാക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM SRG ടീച്ചർ | |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം വർഷം മുഴുവൻ | ടീച്ചർ | |
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ടീച്ചർ | |
| രുചിച്ചറിയാം | | | | |
| പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, സദ്യ തയ്യാറാക്കൽ | വർഷത്തിലൊന്ന് | SRG ടീച്ചർ PTA | |

| | | | | |
|---|---|---|---|---|
| ഓർക്കാം - അറിയാനിക്കാം - സാഹിത്യകാരന്മാർ | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ. | ഓർമ്മദിനങ്ങൾ ആചരിക്കൽ.<br>ഡോക്യുമെന്ററി പ്രദർശനം<br>പുസ്തക പരിചയം<br>ക്വിസ്, ലഘു പ്രഭാഷണം<br>ജീവിതരേഖ തയാറാക്കൽ ~~പതിപ്പ്~~<br>പതിപ്പ് - നിർമ്മാണം<br>പ്രദർശനം | ആവശ്യാനുസരണം | ടീച്ചർ SKG | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ · ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SKG Teacher | |
| സർഗ്ഗോത്സവം | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SKG ടീച്ചർ CPTA | |

Std - IV , പരിസരപഠനം

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| നിരീക്ഷണം- അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| | | | | |
| ശാസ്ത്രമൂല | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണം സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM ടീച്ചർ | |
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ - ഭൂപട വായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | ടീച്ചർ | |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - അവയുടെ പ്രദർശനം | വർഷത്തിലൊന്ന് | ടീച്ചേഴ്സ് | |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | ടീച്ചർ HM | |

# ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കു ന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊ ണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതു മായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംര ക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെ ടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളി കളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.